പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 504 19.03.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മുടങ്ങാനുണ്ടായ സാഹചര്യങ്ങൾ

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മുടങ്ങാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരവും-ചെലവും തമ്മിലുള്ള അന്തരം 94 കോടി രൂപയാണ്. പ്രതിമാസം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും വായ്പാ തിരിച്ചടവിനുമായി 85 കോടി രൂപയോളം വേണം. ഡീസലിന്റെ വില വർദ്ധനവ് കൂടി വന്നപ്പോൾ കെ.എസ്. ആർ.ടി.സി. യ്ക്ക് നിലനിൽപ്പ് തന്നെ അപകടകരമാകുന്ന സ്ഥിതി വിശേഷമാണ് സംജാതമായിട്ടുള്ളത്. റവന്യൂ വരുമാനത്തിൽ നിന്ന്, നിലവിലുള്ള സാഹചര്യത്തിൽ പ്രതിമാസ പെൻഷൻ തുകയായ 35 കോടി രൂപ നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. |
| (ബി) | പെൻഷൻ മുടങ്ങാതിരിക്കുന്നതിന് മുൻകൂർ നടപടികൾ സ്വീകരിക്കാതിരുന്നതിന് കാരണമെന്തെന്ന് വിശദീകരിക്കുമോ; | | |
| (സി) | മുടങ്ങിയ പെൻഷൻ വിതരണം ചെയ്യുവാൻ സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; | (സി) | ധനസഹായം നൽകിയിട്ടുണ്ട്. |
| (ഡി) | ഇപ്പോഴുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിച്ച് എല്ലാവർക്കും പെൻഷൻ വിതരണം ചെയ്യുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | ടി പ്രതിസന്ധി പരിഹരിച്ചു പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ